പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5966 09.07.2012 ൽ മറുപടിക്ക്

## ബി.എം. ആന്റ് ബി.സി.യിൽ നിർമ്മിക്കുന്ന റോഡുകളിൽ കല്ലുകളും മരത്തടികളും അലക്ഷ്യമായി ഇടുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കോടികൾ ചെലവഴിച്ച് ബി.എം.ആന്റ് ബി.സി. നിർമ്മിക്കുന്ന റോഡുകളിൽ കല്ലുകളും മരത്തടികളും അലക്ഷ്യമായി ഇടുന്നതുമൂലം റോഡുകൾ വേഗത്തിൽ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം പ്രവൃത്തികൾക്കെതിരെ പി.ഡബ്ല്യു.ഡി.ക്ക് നടപടി സ്വീകരിക്കുവാൻ അധികാരമുണ്ടോ ;<br><br>(സി) ഇല്ലെങ്കിൽ അതിനുള്ള അധികാരം നൽകി നടപടി സ്വീകരിക്കുമോ ? | (ബി) & (സി)<br>കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഇത്തരം പ്രവർത്തികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിരത്തു വിഭാഗത്തിലെയും ദേശീയപാതാ വിഭാഗത്തിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ